**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടറുടെ നടപടിക്രമം**
(സാന്നിദ്ധ്യം: എസ്.ഷാനവാസ് , ഐ.എ.എസ്)

വിഷയം : ദുരന്ത നിവാരണം - പീച്ചി ഡാമിൽനിന്നും അധികജലം പുറത്തേക്ക് ഒഴുക്കിവിടുന്നതിനു അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

പരാമർശം: 01: സർക്കാരിന്റെ 09.05.2019 തിയതിയിലെ GO.(Rt)No.280/ 2019/DMD നമ്പർ ഉത്തരവ്

02: കേരള സർക്കാരിന്റെ 2020 ലെ കാലവർഷ – തുലാവർഷ മുന്നൊരുക്ക ദുരന്തപ്രതികരണ മാർഗ്ഗരേഖ (ഓറഞ്ച് ബുക്ക്)

03: കേന്ദ്ര കാലാവസ്ഥവകുപ്പിൻെറ 20.09.2020 തീയതിയിലെ ന്യൂനമർദ്ദ മുന്നറിയിപ്പ്

04: എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂർ എന്നവരുടെ 21.09.2020 തിയതിയിലെ T 655/2016 (1) നമ്പർ കത്ത്

**ഉത്തരവ് നമ്പർ കെ1 - 4286 / 2020 (02) തിയതി : 21.09.2020**

പീച്ചി ഡാമിലെ ജലനിരപ്പ് 21.09.2020 രാവിലെ 06.00 മണിക്ക് 78.45 മീറ്ററാണെന്നും മഴ തുടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഡാമിലെ ജലനിരപ്പ് അനുവദനീയ അളവായ 78.40 മീറ്ററിൽ നിലനിർത്തുന്നതിനായി ഡാമിലെ നാലുഷട്ടറുകൾ 6 ഇഞ്ച് വീതം ഉയർത്തുന്നതിനും ഇലക്ട്രിസിറ്റി ബോർഡിൻെറ വൈദ്യുതോല്പാദനം തുടങ്ങുന്നതിനുമുള്ള അനുമതി നൽകണമെന്ന് പരാമർശം (04) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദംരൂപപ്പെട്ടിട്ടുള്ളതായും അതിനോടനുബന്ധിച്ച് 21.09.2020 തീയതിയിൽ ഓറഞ്ച് അലർട്ടും 22.09.2020 തീയതിയിൽ യെല്ലോ അലർട്ടും കേന്ദ്ര കാലാവസ്ഥാവകുപ്പ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. നിലവിൽ ജില്ലയിലും സമീപജില്ലകളിലും താരതമ്യേന നല്ലതോതിൽ മഴപെയ്യുന്നുണ്ട്. മേൽ സാഹചര്യത്തിൽ വെള്ളക്കെട്ടുമൂലമുള്ള ഏതൊരു സാഹചര്യത്തേയും ഒഴിവാക്കേണ്ടതും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതും അത്യന്താപേക്ഷിതമാണ്. 2018 ആഗസ്റ്റ് മാസത്തിലെ ശക്തമായ മഴയെതുടർന്നുണ്ടായ വെള്ളക്കെട്ടിന്റെ അനുഭവത്തിലും ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള മുൻകരുതൽ എന്നുള്ള നിലയിലും പീച്ചി ഡാമിൽ നിന്നും അധികജലം തുറന്നുവിട്ട് ജലനിരപ്പ് അനുവദനീയമായ അളവായ 78.40 മീറ്ററിൽ നിലനിർത്തേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർപേഴ്സണും ജില്ലാ കളക്ടറുമായ എസ്.ഷാനവാസ് ഐ.എ.എസ് എന്ന ഞാൻ ദുരന്തനിവാരണ ആക്റ്റ് 2005 ലെ സെക്ഷൻ 26(2) പ്രകാരം എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് സെക്ഷൻ 30(2)(V),34(a),(b),(c),(d),(e),(f),(g),(h),(i),(j),(k),(m) എന്നിവ പ്രകാരം പീച്ചി ഡാമിൽ നിന്നും ആവശ്യമായ മുന്നറിയിപ്പുകൾ നൽകി പകൽ സമയത്ത് അധികജലം പുറത്തേക്ക് ഒഴുക്കി പ്രളയസാധ്യത ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂരിന് നിർദ്ദേശം നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പീച്ചിഡാമിൽ നിന്നും മുകളിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം അധികജലം പുറത്തേക്ക് ഒഴുക്കി വിടുന്നതു മൂലം മണലിപ്പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുവാനും വെള്ളം കലങ്ങുവാനും സാധ്യതയുള്ളതിനാൽ പുഴയിൽ മത്സ്യ ബന്ധനം മറ്റു അനുബന്ധ പ്രവർത്തികൾ എന്നിവയിൽ ഏർപ്പെടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തികൊണ്ടും ഇതോടൊപ്പം ഉത്തരവാകുന്നു. ഇതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അനുബന്ധ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തപക്ഷം ദുരന്ത നിവാരണ ആക്റ്റ് 2005 ലെ ചാപ്റ്റർ X പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരായിരിക്കും.

ഒപ്പ്
ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ് :

എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ

(ഓരോ മണിക്കൂർ ഇടവേളകളിലും ഡാമിലെ ജലനിരപ്പ് സംബന്ധിച്ച് ജില്ലാ അടിയന്തിര കാര്യഘട്ട നിർവ്വഹണകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. 0487-2362424, 9447074424 -ഇമെയിൽ- deocthrissur@gmail.com)

**പകർപ്പ് :**

1. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ-ദുരന്ത നിവാരണ വകുപ്പ് } ആമുഖ കത്ത് സഹിതം
2. കമ്മീഷണർ, ദുരന്തനിവാരണം } ആമുഖ കത്ത് സഹിതം
3. സംസ്ഥാന അടിയന്തര കാര്യഘട്ട നിർവ്വഹണ കേന്ദ്രം
4. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി / റൂറൽ ) }- പുഴയിലെ ജലനിരപ്പ് ഉയരുവാൻ സാധ്യതയുള്ളതിനാൽ അടിയന്തിര സാഹചര്യം നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി

5. സബ് കളക്ടർ, തൃശ്ശൂർ
6. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട } മേൽ നോട്ടത്തിനായി
7. ഡെപ്യൂട്ടി കളക്ടർ(ഡി.എം), കളക്ടറേറ്റ്, തൃശ്ശൂർ
8. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),തൃശ്ശൂർ
09. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
10. തഹസിൽദാർ തൃശ്ശൂർ / മുകുന്ദപുരം}- ക്യാമ്പ് ഉൾപ്പെടെയുള്ള ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനായി.
11. ജില്ലാ ഫയർ ഓഫീസർ, തൃശ്ശൂർ }- അപകട സാഹചര്യം നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി.
12. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ }- ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുന്നതിന്
13 സെക്രട്ടറി, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി
14. സെക്രട്ടറി, പാണഞ്ചേരി / പുത്തൂർ / മുരിയാട് / അളഗപ്പനഗർ / വേളൂക്കര / തൃക്കൂർ / നെന്മണിക്കര / കാറളം / കാട്ടൂർ / പുതുക്കാട് / പറപ്പൂക്കര ഗ്രാമപഞ്ചായത്തുകൾക്ക് } **പൊതുജനങ്ങളും കുട്ടികളും പുഴയിൽ ഇറങ്ങുന്നതിനും പുഴയിൽ കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതും ഇതു സംബന്ധിച്ച മുന്നറിയിപ്പ് അനൗൺസ്മെന്റ് മുഖേന ജനങ്ങൾക്ക് നൽകേണ്ടതുമാണ്.**
15. ജില്ലാ ഇൻഫോർമേഷൻ ഓഫീസർ }- ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനായി.
16. ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിൽ, തൃശ്ശൂർ.
17. ജില്ലാ ഇൻഫർമേറ്റിക്സ് ആഫീസർ, തൃശ്ശൂർ. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. കരുതൽ ഫയൽ കെ.1

*ഉത്തരവിൻപ്രകാരം,*

*ഡെപ്യൂട്ടി കളക്ടർ (ഡി എം) & സി ഇ ഒ, ജില്ലാ ദുരന്തനിവാരണഅതോറിറ്റി, തൃശ്ശൂർ*